# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *180 08.12.2014 ൽ മറുപടിക്ക്

### ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിന് ഇ-ഫയലിംഗും ആധുനിക സാങ്കേതിക വിദ്യകളും

ചോദ്യം

ശ്രീ.തോമസ് ഉണ്ണിയാടൻ

ശ്രീ.സി.എഫ്.തോമസ്

ശ്രീ.മോൻസ് ജോസഫ്

ശ്രീ.റ്റി.യു.കുരുവിള

മറുപടി

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും ഏറ്റവും വേഗം ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും ഫയൽ തീർപ്പു കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സെക്രട്ടറി തലത്തിൽ റിവ്യൂ മീറ്റിങ്ങുകളും ഫയൽ അദാലത്തും നടത്തി വരുന്നുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും, കാര്യക്ഷമവും ആക്കുവാൻ NIC യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | ഫയലുകളിന്മേൽ താഴ്ന്ന ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | വിവിധ വകുപ്പ് തലവൻമാരുടെ ഓഫീസുകളിൽ നിന്നും താഴെയുള്ള ഓഫീസുകളിൽ നിന്നും റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | ആധുനിക സാങ്കേതിക വിദ്യകളും, ഇ-ഫയലിംഗ് ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി | (സി) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഫയൽ നടപടികൾ എളുപ്പവും, കാര്യക്ഷമവും ആക്കുവാൻ NIC യുടെ സഹായത്തോടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി |

| | | | |
|---|---|---|---|
| | ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | വരുന്നു. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോ ഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്. ഇ-ഫയലിംഗ്, നോളഡ്ജ് മാനേജ്മെന്റ് സിസ്റ്റം, കൊളാബ്രേഷൻ & മെസ്സേജിംഗ് സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു രേഖയെ വിശ്വാസയോഗ്യമാക്കുവാൻ ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ആ രേഖയെ ഡിജിറ്റൽ ഒപ്പ് ചെയ്യുവാൻ സാധിക്കും. ഇതുവഴി ഫയൽ തീർപ്പാക്കൽ നടപടികൾ വേഗത്തിലാകുന്നതാണ്. അടുത്ത ഘട്ടത്തിൽ ഡയറക്ടറേറ്റുകളിലും സബ്ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ